എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുവരുന്ന തസ്തികകളിൽ നിയമന ഉത്തരവ് നൽകാൻ നടപടി

89 [1494] ശ്രീ. സി. മോയിൻകുട്ടി:
,, പി. കെ. കെ. ബാവ:
,, സി. ടി. അഹമ്മദ് അലി:
,, സി. മമ്മൂട്ടി:
,, ടി. പി. എം. സാഹിർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ ഒഴിവുവരുന്ന വിവിധ ബ്രാഞ്ചുകളിലെ താൽക്കാലിക-സ്ഥിരം തസ്തികകളിൽ നിയമനങ്ങൾ നടത്തുമ്പോൾ നിശ്ചിത സമയപരിധിക്കുള്ളിൽതന്നെ നിയമന ഉത്തരവുകൾ അംഗീകാരത്തിനായി ഡയറക്ടർ ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷനോ യൂണിവേഴ്സിറ്റികൾക്കോ അയച്ച് നിയമനാംഗീകാരം നേടിയിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ബി) എങ്കിൽ ഈ വ്യവസ്ഥകൾ കൃത്യമായി എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജ് അധികൃതർ പാലിക്കുന്നുണ്ടോയെന്ന് പരിശോധിച്ച് ഉറപ്പുവരുത്താറുണ്ടോ;

(സി) പ്രസ്തുത വ്യവസ്ഥകൾ കർശനമായി പാലിച്ചിരിക്കണമെന്ന് ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പൽമാർക്ക് നിർദ്ദേശം നൽകുമോ;

(ഡി) കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിൽ 2001-02, 2002-03, 2003-04, 2004-05 അദ്ധ്യയന വർഷങ്ങളിൽ എത്തെല്ലാം ബ്രാഞ്ചുകളിൽ എത്ര അദ്ധ്യാപകരെ വീതം താൽക്കാലിക സ്ഥിര-ദീർഘകാല അവധി എടുത്തതുമൂലമുണ്ടായ ഒഴിവുകളിൽ നിയമിച്ചിട്ടുണ്ട്;

(ഇ) ഇങ്ങനെ നിയമനം ലഭിച്ചിട്ടുള്ള അദ്ധ്യാപകരുടെ മുഴുവൻ നിയമന ഉത്തരവുകളും അംഗീകാരത്തിനായി ഡി. റ്റി. ഇ.-ക്കോ, യൂണിവേഴ്സിറ്റിക്കോ ബന്ധപ്പെട്ട നിയമനാധികാരികൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; ഉണ്ടെങ്കിൽ ഇവയിൽ എത്ര തസ്തികകൾക്ക് അംഗീകാരം നൽകി; എത്ര എണ്ണത്തിന് അംഗീകാരം നൽകാനുണ്ട്; അംഗീകാരം നൽകാതിരിക്കാൻ എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ; എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു;

(എഫ്) സാങ്കേതിക കാരണങ്ങളാൽ സീനിയർ അദ്ധ്യാപകരുടെ നിയമനങ്ങൾക്ക് അംഗീകാരം ലഭിക്കാത്തതിനാൽ പിന്നീട് നിയമിക്കപ്പെടുന്ന എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനം അംഗീകരിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇതു പരിഹരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(എച്ച്) ഏതെല്ലാം കാരണങ്ങളുടെ പേരിൽ എത്ര ലക്ചറർമാരുടെ തസ്തികകൾ അംഗീകാരം ലഭ്യമാക്കാൻ ഇപ്പോൾ ഡി. റ്റി. ഇ.-യിൽ അവശേഷിക്കുന്നുണ്ട്; എത്ര കാലമായി; ഇവയുടെ അംഗീകാരത്തിനുള്ള കാലതാമസം ഒഴിവാക്കാനും എത്രയുംവേഗം അംഗീകാരം നൽകുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥ ഉണ്ടായിട്ടുണ്ടെങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിശ്ചിത സമയപരിധിക്കുള്ളിൽ തന്നെ അംഗീകാരം നേടണമെന്ന വ്യവസ്ഥയില്ല.

(ബി) ബാധകമല്ല.

(സി) ബാധകമല്ല.

(ഡി) ബ്രാഞ്ച്

| | വർഷം | | | |
|---|---|---|---|---|
| | 2001-02 | 2002-03 | 2003-04 | 2004-05 |
| മെക്കാനിക്കൽ | 6 | നിയമനം ഇല്ല | 5 | ഇല്ല |
| സിവിൽ | 6 | .. | 4 | .. |
| ഇലക്ട്രിക്കൽ | 2 | .. | .. | .. |
| ഇലക്ട്രോണിക്സ് | 1 | .. | 3 | .. |
| കമ്പ്യൂട്ടർ | 4 | .. | 2 | .. |
| ജിയോളജി | .. | .. | 1 | .. |
| മാത്സ് | .. | .. | 3 | .. |

(ഇ) 2001-02 വർഷം എല്ലാ ബ്രാഞ്ചിലെ നിയമനങ്ങൾക്കും അംഗീകാരം നൽകിയിട്ടുണ്ട്. 2002-03-ൽ നിയമനം നടന്നിട്ടില്ല. 2003-04-ൽ താഴെ കാണുന്ന ബ്രാഞ്ചുകൾക്ക് അംഗീകാരം നൽകാനുണ്ട്:

സിവിൽ-4, മെക്കാനിക്കൽ-5, ഇലക്ട്രോണിക്സ്-3, കമ്പ്യൂട്ടർ-2, ജിയോളജി-1, മാത്സ്-3. ചില സാങ്കേതിക തടസ്സമുണ്ട്. നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ജി) നിലവിലുള്ള നിയമമനുസരിച്ച് സീനിയർ അദ്ധ്യാപകരുടെ നിയമനാംഗീകാരത്തിന് ശേഷമേ പിന്നീട് നിയമിക്കപ്പെടുന്നവരുടെ നിയമനം അംഗീകരിക്കുവാൻ കഴിയുകയുള്ളു.

(എച്ച്) 12 എണ്ണം. നിയമാനുസൃതമുണ്ടാകുന്ന ഒഴിവുകളിൽ നിശ്ചിത യോഗ്യതയുള്ളവരെ നിയമന വ്യവസ്ഥകൾ അനുസരിച്ചാണ് നിയമിക്കുന്നതെങ്കിൽ കാലതാമസം ഒഴിവാക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും അനാസ്ഥയൊന്നും വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly